## പതിനാലാം കേരള നിയമസഭ
## പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 663

04.03.2020 ലെ മറുപടിയ്ക്ക്.

## <u>സ്റ്റാർട്ട് അപ് പദ്ധതി</u>

| ചോദ്യം<br>ശ്രീ.വി.പി.സജീന്ദ്രൻ | | ഉത്തരം<br>എ. കെ. ബാലൻ<br>പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി | |
|---|---|---|---|
| എ) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട വ്യവസായ സംരംഭകരെ സമൂഹത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവരുന്നതിന് സ്റ്റാർട്ട് അപ് ഡ്രീം പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ആവിഷ്കരിച്ചിട്ടുണ്ട്.<br>പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവസംരംഭകർക്ക് സംരംഭകത്വ പരിശീലനം നൽകി മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിലേയ്ക്കായി പട്ടികജാതി വികസന വകുപ്പും സ്റ്റാർട്ട് അപ് മിഷനും സംയുക്തമായി ആരംഭിച്ച പദ്ധതിയാണ് സ്റ്റാർട്ട് അപ് ഡ്രീംസ്. തിരുവനന്തപുരം ജില്ലയിലെ മണ്ണന്തല അംബേദ്കർ ഭവനിലാണ് സ്റ്റാർട്ട് അപ്പ് ഡ്രീംസ് പ്രവർത്തിക്കുന്നത്. |
| (ബി) | ഈ പദ്ധതിയുടെ കീഴിൽ ഇതിനകം എത്രപേർക്ക് ധനസഹായം നൽകി; അത് അനുവദിക്കുന്നതിനുള്ള മാനദണ്ഡം എന്താണ്; വ്യക്തമാക്കുമോ; | (ബി) | 55 പുതുസംരംഭങ്ങൾ ആരംഭിക്കുന്നതിന് ഡ്രീംസ് മുഖേന സൗകര്യവും പരിശീലനവും നൽകി. 26 സ്റ്റാർട്ട് അപ്പുകൾ പ്രവർത്തനമാരംഭിച്ചു.<br>പുതിയ വ്യവസായം ആരംഭിക്കുവാൻ താല്പര്യമുള്ളതും ഒരു വ്യവസായ ആശയമുള്ളതുമായ ആർക്കും അപേക്ഷിക്കാം. 2018-19 സാമ്പത്തിക വർഷം മുതൽ 5 വർഷത്തേയ്ക്ക് പ്രതിവർഷം 4 സ്റ്റാർട്ട്അപ്പുകൾക്ക് 10 ലക്ഷം രൂപ വീതം പലിശരഹിത സീഡ് ലോൺ നൽകുന്നതിനായി 40 ലക്ഷം രൂപ അനുവദിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. |
| (സി) | പട്ടികജാതി വികസന കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ സ്റ്റാർട്ട് അപ്പുകൾക്ക് ധനസഹായം നൽകുന്നുണ്ടോ; അതിനുള്ള മാനദണ്ഡം എന്താണ്; എത്രപേർക്ക് ധനസഹായം നൽകിയെന്ന് അറിയിക്കാമോ; | (സി) | പട്ടികജാതി വികസന കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ ഒരു സ്റ്റാർട്ട് അപ്പിന് 22 ലക്ഷം രൂപ വായ്പയായി നൽകിയിട്ടുണ്ട്.<br>അപേക്ഷകർ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരും പ്രായപരിധി 18 നും 55 വയസ്സിനും മധ്യേ ഉള്ളവരുമായിരിക്കണം. കൂടാതെ അപേക്ഷകന് തന്റെ ബിസിനസ് ആശയം യാഥാർത്ഥ്യമാക്കുന്നതിനും അത് വിജയകരമായി നടപ്പിലാക്കുന്നതിനും ആവശ്യമായ സാങ്കേതിക പരിജ്ഞാനം ഉണ്ടായിരിക്കണം. ഏതെങ്കിലും സംരംഭകത്വ വികസന പരിശീലന പരിപാടികളിൽ പങ്കെടുത്തവർക്ക് മുൻഗണന നൽകും. പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നുള്ള വിദ്യാർത്ഥി സംരംഭകർക്ക് പുതിയ സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ സ്വന്തം ബിസിനസ് ആശയങ്ങൾ പ്രാവർത്തികമാക്കുന്നതിനും പരിഗണന നൽകുന്നുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ഇപ്രകാരം ധനസഹായം ലഭിക്കുന്ന സ്റ്റാർട്ട് അപ്പുകളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിന് വകുപ്പിൽ എന്തെങ്കിലും സംവിധാനം ഉണ്ടോ; ഇല്ലെങ്കിൽ അത് ഒരുക്കുന്ന കാര്യം ആലോചിക്കുമോ? | (ഡി) | വകുപ്പ് മുഖേന ധനസഹായം വിനിയോഗിച്ച് പ്രവർത്തിക്കുന്ന സ്റ്റാർട്ട് അപ്പുകളെ സ്റ്റാർട്ടപ്പ് ഡ്രീംസ് മുഖേന നിരീക്ഷിച്ച് വരുന്നു.<br>കേരള സംസ്ഥാന പട്ടികജാതി വികസന കോർപ്പറേഷനിൽ നിന്ന് വായ്പ ലഭിക്കുന്ന സ്റ്റാർട്ട് അപ്പുകളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനുള്ള ഒരു സംവിധാനത്തിന് രൂപം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

**സെക്ഷൻ ഓഫീസർ**